LIBRARY ARCHIVES Kerala Legislative Assembly

പൂയംകുട്ടി മേഖലയിലെ വനം കയ്യേറ്റം

115 [398] ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ :

,, അടൂർ പ്രകാശ് :

,, കെ. സി. ജോസഫ് :

,, എം. പി. ഗംഗാധരൻ :

,, ഡി. സുഗതൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പൂയംകുട്ടി മേഖലയിൽ വനം കയ്യേറ്റം ഉണ്ടായിട്ടുണ്ടോ;

(ബി) ഈ പ്രദേശത്ത് എത്ര ഹെക്ടർ സ്ഥലത്ത് കുടിയേറ്റ കർഷകർ വനഭൂമി കൈവശം വച്ചിട്ടുണ്ട്;

(സി) ഇവരിൽ 1-1-1977-ന് ശേഷം കൈയേറിയ എത്ര പേർ ഉണ്ട്;

(ഡി) പ്രസ്തുത തീയതിക്കുശേഷം വനഭൂമി കൈയേറിയ കുടിയേറ്റ കർഷകരെ ഒഴിപ്പിക്കാനുദ്ദേശമുണ്ടോ?

ഉത്തരം

(എ) ഉണ്ട്.

(ബി) പൂയംകുട്ടി മേഖല ഉൾപ്പെടുന്ന കുട്ടംപുഴ റെയിഞ്ചിൽ 517.109 ഹെക്ടർ കുടിയേറ്റ കർഷകരുടെ കൈവശത്തിലാണ്. കുട്ടംപുഴ റെയിഞ്ചിലെ മണികണ്ഠൻ ചാൽ, കല്ലേലിമേട്, കുവപ്പാറ ഏണിപ്പാറ, മേട്നപ്പാറ, വെള്ളാരംകുത്ത് എന്നിവിടങ്ങളിൽ കണ്ടെത്തിയ കൈയേറ്റ ഭൂമിയുടെ കൃത്യമായ വിസ്തൃതി പരിശോധനയും സർവേയും നടത്തിയ ശേഷമേ നിർണ്ണയിക്കാനാവൂ.

(സി) 1-1-77-ന് ശേഷമുള്ള വനംകൈയേറ്റക്കാരുടെ എണ്ണം 265 ആണ്. 2002-2003-ലെ പരിശോധനയിൽ കണ്ടെത്തിയ കൈയേറ്റകാരുടെ എണ്ണം സംയുക്ത പരിശോധന കഴിഞ്ഞേ തിട്ടപ്പെടുത്താനാവൂ.

(ഡി) ഉണ്ട്.